2010
ജനുവരി
113

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക



## കൊയ്ത്തുകാലങ്ങൾ ഓർമ്മിപ്പിക്കുന്നത്

മനസ്സിന്റെ യാത്രകൾ • നമുക്കെന്തിന് ബി.ടി വഴുതനങ്ങ?

2010
ജനുവരി
ലക്കം 113

**ലിറ്റിൽ മാസിക**
ചുങ്കത്തറ പി.ഒ., മലപ്പുറം – 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

1992ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

**ധ്യാനകഥകൾ**

## 'ദദദ'

മൂന്നുകൂട്ടർ പ്രാർത്ഥിക്കാൻ പോയി. അസുരന്മാർ, മനുഷ്യർ, ദേവന്മാർ. അപ്പോൾ ഒരു ഇടിമുഴക്കമുണ്ടായി, അതിൽനിന്ന് 'ദ' എന്നൊരു ശബ്ദം കേട്ടു. എല്ലാവർക്കും അതിന്റെ അർത്ഥം മനസ്സിലായി.

അസുരന്മാർ പറഞ്ഞു: നമ്മൾ ഒത്തിരി ക്രൂരന്മാരായാണ് വർത്തിക്കുന്നത്. അതുകൊണ്ട് 'ദ' എന്നതിന്റെ അർത്ഥം ദയയുള്ളവരായിരിക്കുക.


മനുഷ്യർ പറഞ്ഞു: നമ്മൾ എപ്പോഴും മറ്റുള്ളവരിൽനിന്ന് സ്വീകരിക്കുന്നതിനെക്കുറിച്ചാണ് വ്യാകുലപ്പെടുന്നത്. 'ദ' എന്നാൽ നമുക്കുള്ള അർത്ഥം ദാനമെന്ന്. നമ്മൾ നൽകുന്നവരാകണം.

ദേവന്മാർ പറഞ്ഞു: നമുക്കൊന്നിലും മിതത്വമില്ല. സ്ത്രീയോടും, വിരുന്നിനോടും എന്തിന് അനുഗ്രഹങ്ങൾ കൊടുക്കുന്നതിനുപോലും നമുക്ക് നിയന്ത്രണങ്ങൾ ഒന്നുമില്ല. 'ദ' എന്നാൽ നമ്മുടെ അർത്ഥം ദമം എന്ന്. മിതത്വം, മനസ്സിന് നിയന്ത്രണം എന്നൊക്കെ അർത്ഥം.

## സന്തോഷവാന്റെ വസ്ത്രം

രോഗബാധിതനായി ഒരു രാജാവ്. കൊട്ടാര വൈദ്യൻമാരുടെ ചികിത്സ ഫലം കണ്ടില്ല. ഒടുവിൽ കൊട്ടാരം ജ്യോതിഷി പ്രതിവിധി നിർദേശിച്ചു. സന്തോഷവാനായ ഒരു മനുഷ്യന്റെ വസ്ത്രം സംഘടിപ്പിച്ച് ഒരു ദിവസം മുഴുവൻ രാജാവിനെ ധരിപ്പിക്കുക. ഭടന്മാർ സന്തോഷവാനായ ആരെയെങ്കിലും കണ്ടെത്താൻ നാലുപാടും ഓടി. സന്തോഷം ഉള്ളതായി സ്വയം സമ്മതിക്കുന്ന ഒരാളെയും ഭടന്മാർക്ക് കണ്ടെത്താനായില്ല. ഒടുവിൽ ഒരു മരച്ചുവട്ടിൽ ഇരുന്ന് സന്തോഷവാനായി പാട്ടുപാടി രസിക്കുന്ന ഒരാളെ ഭടന്മാർ കണ്ടെത്തി. "നിങ്ങളെ കണ്ടിട്ട് സന്തോഷവാനാണെന്ന് തോന്നുന്നല്ലോ, നിങ്ങളുടെ വസ്ത്രം ഒരു ദിവസത്തേക്ക് നമ്മുടെ രാജാവിനെ അണിയിക്കാൻ തരാമോ?" ഭടന്മാർ ആവശ്യം അറിയിച്ചു. പെട്ടെന്ന് ആ മനുഷ്യൻ പറഞ്ഞു: "പക്ഷേ സഹോദരന്മാരേ, എനിക്ക് സ്വന്തമായി ഒരു കീറത്തുണ്ണി പോലുമില്ലല്ലോ."

**കാർട്ടൂൺ ഫ്രെയിം** *സുരേന്ദ്ര/ദി ഹിന്ദു*




ചീഫ് എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**
സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
കവർ ഫോട്ടോ
**അക്കു**
(ലിറ്റിൽ മാസിക നെൽകൃഷി സംരംഭത്തിൽനിന്ന്)
ലേഔട്ട്
**റസീസ് അഹമ്മദ്**
പ്രിന്റിംഗ്
**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**
9895117614

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.

കെ. അരവിന്ദാക്ഷൻ

# ഗ്രാന്റ് മെഗാ ഷോപ്പിംഗ് കാർണിവലിൽനിന്ന് കേരളത്തിന് രക്ഷയുണ്ടോ?

**വാസ്തവത്തിൽ ഈ കാർണിവൽ നമ്മുടെ ജീവിതരീതി തന്നെയാണ്. കഴിഞ്ഞ അരനൂറ്റാണ്ടിലൂടെ ഇടതും വലതും കൊഴുപ്പിച്ചെടുത്ത വികസനം ഈ കാർണിവൽ തന്നെയാണ്. പുരകത്തുമ്പോൾ വാഴ വെട്ടുകയെന്ന ഈ വികസനപ്രവർത്തനം കേരളീയന്റെ രാഷ്ട്രീയ സാംസ്ക്കാരിക ആത്മീയ ജീവിതങ്ങൾ പ്രതിഫലിപ്പിക്കുന്നു. ഇതല്ലാതെ മറ്റൊരു വിധത്തിൽ വികസനം എത്തിക്കില്ല.**

*സർക്കാർ നടപ്പിലാക്കുന്ന ഗ്രാന്റ് മെഗാ ഷോപ്പിംഗ് ഫെസ്റ്റിവെൽ എന്ന വ്യാപാര മേള മുഖ്യധാരാ മാധ്യമങ്ങൾ കലവറയില്ലാതെയാണ് പിന്തുണക്കുന്നത്. കേരളത്തിന് തന്നെയല്ല, ലോകത്തിനുതന്നെ ഉപഭോഗം കുറക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുക എന്നതാണ് ആഗോള താപനത്തിന്റെ ഇക്കാലത്ത് കരണീയമായിരിക്കുന്നത്. നിർഭാഗ്യവശാൽ ഈ തരത്തിൽ ഈ ഷോപ്പിംഗ് മഹാമേളകളെ വിലയിരുത്താൻ മുഖ്യധാരാ മാധ്യമങ്ങൾ തയ്യാറാവുന്നില്ല. തൃശൂരിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'കേരളീയം' മാസിക ധൈര്യപൂർവം ഇതിന്റെ പൊള്ളത്തരങ്ങളെ തുറന്നുകാണിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽനിന്നും ഏതാനും ഭാഗങ്ങൾ ലിറ്റിൽ മാസിക പ്രസിദ്ധീകരിക്കുന്നു.*

**എഡിറ്റർ**

2009 ഡിസംബർ ഒന്നുമുതൽ 2010 ജനുവരി പതിനഞ്ചുവരെ കേരളമാകെ ഒരു വ്യാപാര മഹോത്സവത്തിലാണ്. ഇടതുഭാഗത്ത് മുഖ്യമന്ത്രി അച്യുതാനന്ദൻ വലംഭാഗത്ത് പ്രതിപക്ഷ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ഇവർക്കിടയിൽ കോടിയേരി - കരീം - ഐസക് മന്ത്രിമാർ, ആവേശഭരിതരായി വ്യാപാരി സംഘടനകൾ, കൊമ്പുവിളിക്കാൻ ഒ.എൻ.വി, കുഴലൂതാൻ സുകുമാർ അഴീക്കോട്, മോഹൻലാലും ശ്രീനിവാസനും താളമിടുന്നു. വകുപ്പ് സെക്രട്ടറിമാർ കുരവയിടുന്നു. കേരളത്തിൽ വികസനത്തിൽ, വ്യാപാരത്തിൽ പുത്തനുണർവ്. പഴയകാല ഗരിമ വീണ്ടെടുത്ത് ആറന്മുള കണ്ണാടിയും കൈതോല തടുക്കും മുളവട്ടിയും മേളയിൽ സ്ഥാനം പിടിക്കുന്നു. പാവം ഈ പരമ്പരാഗത സാധനങ്ങൾക്കൊപ്പം മറ്റേത് വമ്പന്മാർ ഉണ്ട് എന്ന് ഒറ്റ നോട്ടത്തിൽ നാം കാണുന്നില്ല. അയ്യായിരത്തിലേറെ വ്യാപാരശാലകൾ പങ്കെടുക്കുന്നു എന്നാണ് നോട്ടീസ്. ആരൊക്കെയാണ് വ്യാപാരികൾ? ഡിഫിക്കാരോ യൂത്തന്മാരോ? പറയാൻ മുന്നോട്ടു വരുമോ? ഉപഭോക്താക്കൾക്കാണ് ഏറെ ലാഭം? പരസ്പരം മാന്തിനോക്കി, ചോര പൊടിയുന്നിടത്ത് സ്വർണ്ണം കിട്ടിയെന്നു വരാം. കുറച്ചൊന്നുമല്ല 40 കിലോഗ്രാം വരെ.

വാസ്തവത്തിൽ ഈ കാർണിവൽ നമ്മുടെ ജീവിതരീതി തന്നെയാണ്. കഴിഞ്ഞ അരനൂറ്റാണ്ടിലൂടെ ഇടതും വലതും കൊഴുപ്പിച്ചെടുത്ത വികസനം ഈ കാർണിവൽ തന്നെയാണ്. പുരകത്തുമ്പോൾ വാഴ വെട്ടുകയെന്ന ഈ വികസന പ്രവർത്തനം കേരളീയന്റെ രാഷ്ട്രീയ സാംസ്ക്കാരിക ആത്മീയ ജീവിതങ്ങൾ പ്രതിഫലിപ്പിക്കുന്നു. ഇതല്ലാതെ മറ്റൊരു വിധത്തിൽ വികസനം എത്തിക്കില്ല.

നമ്മുടെ ഇപ്പോഴത്തെ സൂചികകൾ ശ്രദ്ധിക്കുക: (1) സ്വാശ്രയമെന്ന കഴുത്തറപ്പൻ വിദ്യാഭ്യാസത്തിൽ അറവു കത്തികളുമായി അവസാനത്തെ തരി മാംസവും ചുരണ്ടിയെടുക്കാൻ തയ്യാറായി കാത്തലിക് ബിഷപ്പുമാർ, നായർ - ഈഴവ - മുസ്ലീം പ്രമാണിമാർ അവർക്കതിന് ഒത്താശ ചെയ്യാൻ ഇടംവലം രാഷ്ട്രീയക്കാർ (2) പാവപ്പെട്ടവന്റെ പുരയുടെ അവസാനത്തെ കഴുക്കോലും പണയപ്പെടുത്തേണ്ടി വരുന്ന ആരോഗ്യമേഖല, പ്രമേഹം, വൃക്കരോഗം, അർബുദം, മനോരോഗങ്ങൾ, തുടങ്ങിയവയുടെ നിരന്തരമായ പ്രഹരത്തിൽ തളർന്നുപോകുന്നവർ, രോഗിയുടെ കരളു പോലും പറിച്ചെടുത്ത് വിൽക്കുന്ന സ്വകാര്യ ആശുപത്രികളല്ലാതെ ആശ്രയിക്കാൻ ഒന്നുമില്ലാതെ നിരാലംബത്തം. (3) തന്റെ മലം സ്നേഹിതന്റെ മുഖത്തേക്ക് വലിച്ചെറിഞ്ഞ് സ്വയരക്ഷയിൽ അഭിമാനിക്കുന്ന മലയാളി ശുചിത്വ ബോധം; ഒപ്പം നിരന്തരം വേട്ടയാടുന്ന സാംക്രമിക രോഗങ്ങൾ (4) ആധുനിക മരുന്നുഷാപ്പുകൾക്കും മദ്യക്കടകൾക്കും ഒപ്പം പെരുകുന്ന ലോട്ടറി ഷോപ്പുകൾ, അദ്ധ്വാനിച്ചുണ്ടാകുന്ന പണം മുഴുവൻ തൊഴിലാളികളിലേറെയും മദ്യത്തിലും ലോട്ടറിയിലും മുടിക്കുന്നു. ഇരകളിൽ പെണ്ണുങ്ങളുടെ ദീനരോദനങ്ങളും ശാപവാക്കുകളും (5) വികസനം റോഡ് വികസനമാണെന്ന് ധരിച്ചുവശായ ജനങ്ങളും ജനനേതാക്കളും 40 മീറ്ററിലും 45 മീറ്ററിലും ഹൈവേകൾ പണിയാൻ മുന്നിട്ടിറങ്ങുന്നു. വഴിയാധാരമാകുന്ന കുടുംബങ്ങൾ വികസന വിരോധികളായി ചാപ്പയടിക്കപ്പെടുന്നു. (6) വിലകൾക്കൊപ്പം കൊലകളും കവർച്ചകളും പെരുകുന്നു. (7) ആത്മഹത്യകളും ആത്മീയ നേതാക്കളും ആരാധനാലയങ്ങളും പരസ്പരം കൈകോർത്ത് വളരുന്നു. (8) വെള്ളവും പച്ചപ്പും പഴങ്കഥയായി മാറുന്നു. (9) ജനങ്ങൾ ജാതീയമായും വർഗ്ഗീയമായും ഭിന്നിച്ചും ചുരുങ്ങിയും പരസ്പരം വെറുപ്പിന്റെ ലോകത്ത് ഭയചകിതരായി ജീവി ക്കുന്നു. (10) മൂല്യങ്ങളും ഓർമ്മകളും ആർക്കും വേണ്ടാത്തവയായി തള്ളപ്പെടുന്നു.

ഈ കാർണിവൽ ഷോയിൽ നിന്ന് കേരളത്തിന് രക്ഷയുണ്ടോ? കാർഷിക വ്യാവസായിക പരമ്പരാഗത മേഖലകളിൽ വികസനം പാടേ മുരടിച്ചുപോയ കേരളം അന്തർദേശീയ കുത്തകകളുടെ ചൂഷണകേന്ദ്രങ്ങൾ മാത്രമായി ജീർണ്ണിക്കുന്നു. കാർണിവലിൽ സെക്സ് ബിസിനസ്സും കൂടി അടുത്ത കൊല്ലം ഉൾപ്പെടുത്തണേയെന്ന് നമുക്ക് ഡിഫിക്കാരോടും യൂത്തന്മാരോടും പറയണം.

(1) വിദേശത്ത് നിന്ന് വരുന്ന കോടിക്കണക്കിനു രൂപ ഏതെങ്കിലും ഉത്പാദനപ്രദമായ രംഗങ്ങളിൽ നിക്ഷേപിക്കാൻ നാമൊരുങ്ങുമോ? (2) ഇനിയും ബാക്കിയുള്ള കൃഷിയിടങ്ങളെ നിലനിർത്താനായി സർക്കാർ കർഷകർക്കുവേണ്ടി എന്തെങ്കിലും അടിയന്തിരമായി ചെയ്യുമോ? (3) പരമ്പരാഗത മേഖലയിലെ ഒരു കോടിയോളം വരുന്നവർക്ക് ആധുനിക

*(5-ാം പേജിൽ)*



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ
അക്കു

# മനസ്സിന്റെ യാത്രകൾ

**യഥാർത്ഥത്തിൽ ഈ ഭൂമിയിലെ വാസം തന്നെ ഒരു വാടകവീട്ടിലെ താൽക്കാലിക സംവിധാനമായി കണക്കാക്കിയാൽ നമ്മുടെ എല്ലാ പരാതികളും തീരില്ലേ? ഉള്ളതിൽ തൃപ്തി കണ്ടെത്തി സന്തോഷത്തോടെ കഴിഞ്ഞുകൂടിക്കൂടേ? പറയാനെന്തെളുപ്പമാണല്ലേ?**

മൂന്നുവർഷം മുമ്പാണ്. കുഞ്ഞിന്റെ ചികിത്സയ്ക്കുവേണ്ടി തിരുവനന്തപുരത്ത് വീട് വാടകക്കെടുത്ത് താമസിക്കുകയാണ്. തലസ്ഥാന നഗരിയിലെ ഭാരിച്ച വീട്ടുവാടക ഒഴിവാക്കാൻ നഗരത്തിൽ നിന്നും അല്പം ഉള്ളിലായി മറ്റൊരു വീടിന്റെ പിറകിൽ ഒരു വീടിന്റെ ഭാഗമാണ് വാടകക്കെടുത്തത്. ഇതു കിട്ടാൻ തന്നെ ഒരു മാസത്തെ വാടക ഇടനിലക്കാരന് കമ്മീഷൻ ആയി കൊടുക്കേണ്ടിയും വന്നു.

ചികിത്സയുടെ ആവശ്യാർത്ഥമായതിനാൽ അത്യാവശ്യമായ വീട്ടുസാമഗ്രികൾ മാത്രമേ എടുത്തിരുന്നുള്ളൂ. വീട്ടിനുള്ളിൽ ഫർണിച്ചറുകളൊന്നുമില്ല. തറയിലിരുന്ന് അത്യാവശ്യകാര്യങ്ങളെല്ലാം നിവർത്തിക്കാൻ ഞങ്ങൾ വളരെ പെട്ടെന്നു തന്നെ പഠിച്ചു. ഇടയ്ക്ക് വരുന്ന സുഹൃത്തുക്കളും ബന്ധുക്കളുമായ സന്ദർശകരെ സ്വീകരിക്കാൻ ഞങ്ങൾക്ക് യാതൊരു വൈമനസ്യവുമുണ്ടായില്ല. നിലത്ത് വിരിച്ച പായയിൽ ഇരുന്ന് ഞങ്ങൾ കുശലാന്വേഷണം നടത്തി. ഭക്ഷണം കഴിച്ചു. ഉള്ള പാത്രങ്ങൾ കൊണ്ട് അഡ്ജസ്റ്റു ചെയ്തു. അതിഥികളെ തറയിലിരുത്തുന്നതിനോ ഉള്ള പാത്രത്തിൽ ഭക്ഷണം വിളമ്പുന്നതിനോ ഞങ്ങൾക്കൊരു വല്ലായ്മയും തോന്നിയില്ല. ഭക്ഷണവിഭവങ്ങളും പരിമിതമായിരുന്നു. ഞങ്ങളുടെ അതിഥികൾക്കും പരാതികളുണ്ടാവില്ലെന്നറിയാം. ഞങ്ങളുടെ മനസ്സിലും അതിഥികളുടെ മനസ്സിലും നല്ല ധാരണയുണ്ട്. ഇവിടെ ഈ സൗകര്യങ്ങളേ പ്രതീക്ഷിക്കേണ്ടതുള്ളൂ. ഇതൊരു താൽക്കാലിക സംവിധാനമാണ്.

ഇരിക്കാൻ കസേരകളില്ല. ഭക്ഷണം കഴിക്കാൻ ഡൈനിംഗ് ടേബിളില്ല. ആവശ്യത്തിന് പാത്രങ്ങളില്ല. എന്നിട്ടും ഈ പരിമിതമായ സൗകര്യങ്ങളിൽ പരാതികളില്ലാത്ത മനസ്സുമായി കഴിഞ്ഞുകൂടാൻ ഒരു വിഷമവുമുണ്ടായില്ല. എന്തുകൊണ്ട്?

കുഞ്ഞിന്റെ ചികിത്സയ്ക്കുവേണ്ടി താൽക്കാലികമായാണ് ഈ വാടകവീട്ടിൽ കഴിയുന്നതെന്ന് മനസ്സിനെ പറഞ്ഞു ധരിപ്പിച്ചിട്ടുണ്ട്. ഞങ്ങളുടേയും സന്ദർശകരുടേയും മനസ്സ് ആ രീതിയിൽ സെറ്റ് ചെയ്ത് വെച്ചിരിക്കുകയാണ്. ഇത് തൽക്കാലത്തേക്ക് മാത്രമാണ്...

ഇതേ നമുക്ക് നമ്മുടെ സ്വന്തം വീട്ടിലെ സ്ഥിരതാമസത്തിന് ഈ സൗകര്യങ്ങളൊന്നും മതിയാകുന്നില്ല. അവിടെ നമുക്ക് എന്തെല്ലാം സൗകര്യങ്ങൾ വേണം! റൂമുകൾ, ഫർണിച്ചർ, പാത്രങ്ങൾ, മറ്റ് ഗൃഹോപകരണങ്ങൾ.. എത്ര വാങ്ങിക്കൂട്ടിയാലും നമുക്കെന്നും അസംതൃപ്തിയാണ്. അതിഥികൾ വന്നാൽ എവിടെ ഇരുത്തും? എന്തെല്ലാം ഭക്ഷണം വിളമ്പും? നമുക്ക് നൂറുകൂട്ടം പ്രശ്നങ്ങളാണ്. ഒരേ നമ്മൾ, രണ്ട് സ്ഥലത്ത് രണ്ട് തരത്തിൽ പെരുമാറുന്നു. നമുക്ക് രണ്ട് മനസ്സാകുന്നു.

യഥാർത്ഥത്തിൽ ഈ ഭൂമിയിലെ വാസം തന്നെ ഒരു വാടകവീട്ടിലെ താൽക്കാലിക സംവിധാനമായി കണക്കാക്കിയാൽ നമ്മുടെ എല്ലാ പരാതികളും തീരില്ലേ? ഉള്ളതിൽ തൃപ്തി കണ്ടെത്തി സന്തോഷത്തോടെ കഴിഞ്ഞുകൂടിക്കൂടേ? പറയാനെന്തെളുപ്പമാണല്ലേ?

നേത്രാവതി എക്സ്പ്രസ്സിൽ എറണാകുളത്തുനിന്ന് കയറിപ്പറ്റാൻ പോലും കഴിയാത്തത്ര തിരക്ക്. ഷൊർണൂർ വരെ കുന്തം പോലെ നിൽക്കേണ്ടിവന്നു. രണ്ടര മണിക്കൂർ നേരം ദുഷ്ക്കരമായ ആ യാത്ര സഹിക്കുകയല്ലാതെ വേറെ മാർഗമില്ലായിരുന്നു. ഷൊർണ്ണൂരിൽ നിന്ന് നിലമ്പൂർ ട്രെയിൻ കിട്ടണമെങ്കിൽ ഈ വണ്ടിക്ക് തിരക്കും സഹിച്ച് പോന്നേ പറ്റൂ. ക്ലേശകരമായി പിന്നിട്ട രണ്ടര മണിക്കൂറിനെ ശപിച്ചുകൊണ്ട് ഷൊർണ്ണൂരിൽ ഇറങ്ങി. പ്ലാറ്റ്ഫോമിൽ നിന്ന് ചായ കുടിച്ച് തിരക്കു കുറഞ്ഞ നിലമ്പൂർ ട്രെയിനിൽ സീറ്റ് പിടിച്ചപ്പോൾ വല്ലാത്തൊരാശ്വാസം! അതാവരുന്നു! വണ്ടിക്കകത്തേക്ക് സഹൃദയനായ സുഹൃത്ത്. ഏറെ നാളായി കണ്ടിട്ട്. ഞങ്ങൾ സംഭാഷണമാരംഭിച്ചു. വണ്ടി പുറപ്പെട്ടതോടെ ഞങ്ങൾ വാതിലിനടുത്ത് ചെന്ന് നിന്ന് പ്രകൃതിദൃശ്യങ്ങൾ ആസ്വദിച്ച്, കാറ്റ് കൊണ്ടു നിന്ന് സൗഹൃദ സംഭാഷണത്തിൽ ഏർപ്പെട്ടു. രാഷ്ട്രീയ-പരിസ്ഥിതി വിഷയങ്ങൾ, മാനവിക ബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ, പുതിയ ചെറുകഥകൾ, കവിതകൾ, സംഗീതം..... അങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങൾ ആഹ്ലാദത്തോടെ പങ്കുവെച്ചു. രണ്ടര മണിക്കൂർ പിന്നിട്ട് നിലമ്പൂരിലിറങ്ങുമ്പോൾ മനസ്സിനെന്തെന്നില്ലാത്ത ആനന്ദം! അറിയാതെ ഒരു മൂളിപ്പാട്ടു പാടുമ്പോൾ പൊടുന്നനെ ഓർമ്മിച്ചു. രണ്ടര മണിക്കൂർ ട്രെയിനിൽ കുന്തം പോലെ നിൽക്കുകയായിരുന്നല്ലോ. എന്നാൽ നേത്രാവതി എക്സ്പ്രസ്സിലെ രണ്ടര മണിക്കൂറും നിലമ്പൂർ പാസഞ്ചറിലെ രണ്ടര മണിക്കൂറും, രണ്ടും രണ്ടു തരത്തിലാണ് അനുഭവപ്പെട്ടത്. രണ്ടു യാത്രയും ശരീരത്തെ സംബന്ധിച്ച് ഒരേ അനുഭവമാണ് ഉണ്ടാക്കിയത്. മനസ്സിനോ?

ഒരു കാര്യം ഉറപ്പ്. ഭൗതിക സംവിധാനങ്ങളോ സാഹചര്യങ്ങളോ അല്ല അതിനിടയിൽ കിടക്കുന്ന നമ്മുടെ മനസ്സാണ് തൃപ്തിയും അതൃപ്തിയും ആനന്ദവും സങ്കടവും... എല്ലാം തിരഞ്ഞെടുക്കുന്നത്. സത്യമല്ലേ?



# ഗാന്ധിയൻ മാർഗ്ഗത്തിലുള്ള സമാധാനത്തിലേക്ക്

## ഇതാ ഒരു പഠനപദ്ധതി

സമാധാനപരമായ ഒരു ചുറ്റുപാട് നമുക്കുചുറ്റും വളർത്താൻ നാം തന്നെ ചില തയ്യാറെടുപ്പുകൾ നടത്തിയേ തീരൂ.

കുട്ടികൾക്കായി സമാധാനത്തെക്കുറിച്ച് ഒരു തനതായ പഠനപദ്ധതി. 52 ആഴ്ചത്തെ സൗജന്യപഠനം. ചിത്രങ്ങൾ, കഥകൾ, സംഭവങ്ങൾ, ക്വിസ് ഇവ ഉൾക്കൊള്ളിച്ച പാഠഭാഗങ്ങൾ ഓരോ ആഴ്ചയിലും ലഭിക്കും. അതിനെ ആസ്പദമാക്കി സമാധാന പാഠങ്ങൾ സ്വയം വീട്ടിലിരുന്ന് തയ്യാറാക്കണം. സ്വന്തം അനുഭവം, അന്വേഷണം ഇവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സമാധാനപാഠങ്ങൾ തയ്യാറാക്കി അയച്ചുകൊടുത്താൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. 6 മുതൽ പ്ലസ്ടു വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് പങ്കെടുക്കാം.

*കൂടുതൽ വിവരങ്ങൾക്ക്:* Dr.S.Kulandaisamy, Secretary, Gandhi Peace Foundation, Madras, 332, Ambujammal Street, Chennai-600018, India. Phone: 044 - 24993839 / 9962479005


പരിസ്ഥിതി സംരക്ഷണ സന്ദേശത്തിൽ ഊന്നിയ

**ഗ്രീൻ മാജിക്**

അവതരിപ്പിക്കുന്നു..

നേചർ ക്ലബ്ബ്, പരിസ്ഥിതി ഗ്രൂപ്പുകൾ, വ്യക്തിത്വ വികസന ക്യാമ്പുകൾ, കളിക്കൂട്ടങ്ങൾ എന്നിവയ്ക്ക് മുൻഗണന

അത്ഭുതങ്ങളുടെ കലയായ മാജിക് സൗകര്യാർത്ഥം പഠിക്കാം

**വിളിക്കുക: 98 95 14 89 98**


*3-ാം പേജിൽ നിന്ന് തുടർച്ച*

## ഗ്രാന്റ് മെഗാ ഷോപ്പിംഗ് കാർണിവലിൽ നിന്ന് കേരളത്തിന് രക്ഷയുണ്ടോ?

ശാസ്ത്ര സാങ്കേതികതയുമായി യോജിച്ച് പ്രവർത്തിക്കാനുള്ള ഇടങ്ങൾ കേരളത്തിന്റെ ഓരോ പഞ്ചായത്തിലും നമുക്ക് തുടങ്ങാനാവുമോ? (4) അതുപോലെ തന്നെ ആരോഗ്യ രംഗത്തേയും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലേയും ചൂഷകരെ ഒഴിവാക്കി ജനകീയമായ ആരോഗ്യ വിദ്യാഭ്യാസ പദ്ധതികൾ കൊണ്ടുവരാനാവുമോ? (5) ലോട്ടറി - മദ്യം - ഹൈവേ വികസനം എന്നിവയിൽ നിന്ന് സർക്കാർ കൈ പിൻവലിക്കുമോ?

ഇതുപോലുള്ള ചോദ്യങ്ങൾ ആദ്യം ജനങ്ങൾ ചോദിക്കുകയും തുടർന്ന് രാഷ്ട്രീയകക്ഷികളെ കൊണ്ട് ചോദിപ്പിക്കുകയും ചെയ്യുന്ന ഒരു കാലബിന്ദുവിൽ നിന്നു മാത്രമേ, ഇപ്പോൾ നാം ആഘോഷിക്കുന്ന കാർണിവൽ സംസ്ക്കാരത്തിൽനിന്ന് മുക്തി നേടാനാവൂ.

പക്ഷേ അതിനുള്ള ആത്മ സന്നദ്ധത (സ്വയം ഒന്ന് നവീകരിക്കാൻ, സ്വന്തം ജീവിതരീതി ഒന്ന് പുനഃനിർവ്വചിക്കാൻ, ആത്മ പരിശോധന നടത്താൻ) കേരളത്തിൽ ഇന്നില്ല. അതുവരെ ഇത്തരം കാർണിവലുകൾ നമുക്കാഘോഷിക്കാം. എന്തതിശയമേ ഗ്രാന്റ് കേരള ഷോപ്പിംഗ്.. എത്ര മനോഹരമേ... എന്നൊക്കെ പാടി ഒന്നിച്ചൊന്നിച്ച് അച്യുതാനന്ദന്മാരോടും ചാണ്ടിമാരോടും സാംസ്ക്കാരിക സാറന്മാരായ അഴിമതിക്കാരോടുമൊപ്പം തലയാട്ടി താളം പിടിക്കുകയുമാവാം !

*വിലാസം: വാൾഡൻ, എറവ്, തൃശൂർ*

### ലിറ്റിൽ മാസിക

## നിലനിൽക്കുന്നത് സംബന്ധിച്ച്

### അഥവാ

## പ്രചാരണ കാമ്പയിൻ

**ഡിസംബർ 2009 – 2010 ജനുവരി**

പരസ്യങ്ങളില്ലാതെ വരിസംഖ്യയെ മാത്രം ആശ്രയിച്ച് ഇത്തരമൊരു പ്രസിദ്ധീകരണം നിലനിൽക്കേണ്ടതു തന്നെയാണ് എന്നാണ് ഞങ്ങൾക്ക് കിട്ടുന്ന നല്ല പ്രതികരണങ്ങളും സഹകരണങ്ങളും തെളിയിക്കുന്നത്. 16 ലക്കങ്ങൾക്ക് 100 രൂപ വരിസംഖ്യയായി സ്വീകരിച്ചാണ് പ്രസിദ്ധീകരണ ചെലവ് കണ്ടെത്തുന്നത്.

2010 ജനുവരിയോടെ പരമാവധി വരിക്കാരെ കണ്ടെത്താൻ കഴിഞ്ഞാൽ മാസികയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയും. അതുകൊണ്ട് ലിറ്റിൽ മാസിക 2009 ഡിസംബർ, 2010 ജനുവരി മാസങ്ങളിൽ പ്രചാരണ കാമ്പയിൻ ആചരിക്കുന്നു.

.ഇപ്പോൾ മാസിക കിട്ടിക്കൊണ്ടിരിക്കുന്നവരിൽ വരിസംഖ്യ അടക്കാത്തവർ ഒന്നു ശ്രദ്ധ വെച്ചാൽ പ്രസിദ്ധീകരണത്തിന് വലിയൊരു സഹായമാകും. വരിസംഖ്യ പുതുക്കാത്തവർ പുതുക്കിയും പുതിയ വരിക്കാരെ പരിചയപ്പെടുത്തിയും സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.




**ലിറ്റിൽ മാസിക**

**16 ലക്കങ്ങൾക്ക് 100 രൂപ**

**ഇന്നുതന്നെ എം.ഒ അയക്കുമല്ലോ.**

ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം ജില്ല - 679334

# മത്തൻഡോക്ടറുടെ കഥ

**സീറോഫാമിംഗ് എന്ന തനത് കൃഷി രീതിയുടെ ഉപജ്ഞാതാവായ എസ്.ദാബോൽക്കറെ കുറിച്ച്...**

സ്ഥലം: മഹാരാഷ്ട്രയിലെ ഒരു കുഗ്രാമം. സമയം സ്വാതന്ത്ര്യസമരം നടക്കുന്ന കാലം. സാമൂഹ്യബോധമുള്ള ഒരു ഇന്ത്യൻ വീട്ടമ്മ തന്റെ വീടിനോടനുബന്ധിച്ച അടുക്കളത്തോട്ടം പരിപാലിച്ചുപോന്നു. തോട്ടത്തിൽ പണി ചെയ്യാനായി വരുമ്പോൾ പത്തുമക്കളിൽ ഇളയവനായ മൂന്നുവയസ്സുകാരൻ കുസൃതിയേയും കൂട്ടും. എന്തുകണ്ടാലും എപ്പോഴും അവന് സംശയങ്ങളാണ്. അതെങ്ങനെ? ഇതെങ്ങിനെ? ഇതെന്തുകൊണ്ട്? പരിചയസമ്പന്നയെങ്കിലും മാതാവിന് ഇവന്റെ ജിജ്ഞാസയോടെയുള്ള ചോദ്യങ്ങൾക്ക് മുന്നിൽ പലപ്പോഴും അടിയറവ് പറയേണ്ടി വന്നിട്ടുണ്ട്.

ഒരു ദിവസം അടുക്കളത്തോട്ടത്തിലെ പതിവ് ശ്രുശ്രൂഷയ്ക്കിടെ നിറയെ കായ്ച മത്തൻ വള്ളിയിൽ അവന്റെ ശ്രദ്ധ പതിച്ചു. വിസ്മയമായി. വള്ളിയെത്ര ചെറുത്. മത്തൻ എത്ര വലുത്. മറ്റു സസ്യങ്ങൾക്കെല്ലാം സസ്യം വലുതും കായ ചെറുതുമാണ്. ജിജ്ഞാസാഭരിതമായ വിസ്മയത്തോടെ അമ്മയോടന്വേഷിച്ചു. "അമ്മേ, മത്തൻവള്ളിയിലെങ്ങനെയാ മത്തനുണ്ടാവുന്നത്?" പാവം അമ്മ. അമ്മയ്ക്കതിനുത്തരമറിയില്ല. അതിനാൽ അമ്മ പറഞ്ഞു: "മോനത് മത്തൻവള്ളിയോടു ചോദിച്ചു നോക്ക്."

മകൻ പരിഭവിച്ചു. അമ്മ എന്നെ കളിയാക്കുകയാണ് മത്തൻവള്ളി സംസാരിക്കില്ലെന്ന് എനിക്കറിയാമല്ലോ? അപ്പോൾ അമ്മയുടെ വിശദീകരണം: സസ്യങ്ങളുടെ ഭാഷയറിയാവുന്ന, നോബൽ സമ്മാനം ലഭിച്ച മഹാനായ ഒരിന്ത്യൻ ശാസ്ത്രജ്ഞനുണ്ട്(ജെ.സി.ബോസ്). ബഹുമാനത്തോടും സ്നേഹത്തോടും സമീപിച്ചാൽ സസ്യങ്ങൾ അവരുടെ പല രഹസ്യങ്ങളും പറഞ്ഞുതരും. ദൈവത്തിന്റെ രഹസ്യങ്ങളെഴുതിയ പുസ്തകങ്ങളാണ് സസ്യങ്ങൾ.

അഞ്ചുവയസ്സായപ്പോഴേക്കും അവന്റെ ആത്മസുഹൃത്തുക്കളായ മത്തൻവള്ളികൾ പല രഹസ്യങ്ങളും അവനു പറഞ്ഞുകൊടുത്തു. സ്നേഹിക്കാൻ പറ്റിയ കൂട്ടുകാരാണ് സസ്യങ്ങളെന്നവന് ബോധ്യമായി. ഏതൊരു മത്തൻവള്ളി കണ്ടാലും അതിൽ ആകെയെത്ര മത്തനുണ്ടാവും, ഒരു പ്രത്യേക നോഡി(ശിഖരത്തിൽ)ൽ നിശ്ചിത വലുപ്പമുള്ള ഒരു മത്തൻ വിളയിക്കുന്നയെങ്ങനെയെന്നും അവൻ മനസ്സിലാക്കി. അതിനാൽ തന്റെ ഗ്രാമത്തിലും തൊട്ടടുത്ത ഗ്രാമത്തിലും അവന്റെ പേര് മത്തൻ ഡോക്ടർ എന്നായി.

വിദ്യാഭ്യാസത്തിനു ശേഷം സർവ്വകലാശാലയിൽ ഗണിതശാസ്ത്ര പ്രൊഫസറായെങ്കിലും തന്റെ ബാല്യകാല സുഹൃത്തുക്കളുമായുള്ള സ്നേഹബന്ധം തുടർന്നു. മത്തൻവള്ളി പറഞ്ഞുകൊടുത്ത രഹസ്യങ്ങൾ അദ്ദേഹം തന്റെ വീടിന്റെ ടെറസ്സിൽ വളർത്തിയ ഒരു മുന്തിരി വള്ളിയിൽ പ്രയോഗിച്ചു. അന്നുവരെ മുന്തിരി കൃഷിയിൽ ലോകറിക്കാർഡ് വിളവ്, ഒന്നാം വർഷത്തേത് ഏക്രയിൽ 4 ടൺ മുന്തിരിയായിരുന്നു. മുന്തിരിവള്ളിയെ സ്നേഹിച്ചും അതിനോട് സല്ലപിച്ചും ശ്രുശ്രൂഷിച്ചും അദ്ദേഹം അത്ഭുതങ്ങൾ തന്നെ സൃഷ്ടിച്ചു,മത്തൻവള്ളി പഠിപ്പിച്ച പല ടെക്നിക്കുകളും മുന്തിരിവള്ളിയിലും ഫലപ്രദമായി പ്രയോഗിച്ചു. പല പുതിയ സംജ്ഞകളും പ്രയോഗങ്ങളും ആവിർഭവിച്ചു.

നിന്നു പോ (Stop and go), പുത്രി-അമ്മ-അമ്മൂമ്മ ബന്ധം (Daughter-mother-grandmother relation) തുടങ്ങി പലതും സാധാരണ കർഷകനെ മനസ്സിലാക്കി. ഏക്രയിൽ 4 ടൺ വിളവ് എന്നത് 20 ടണ്ണാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹം സംഘടിപ്പിച്ച പ്രയോഗപരിവാർ എന്ന കൃഷിക്കാരുടെ പ്രായോഗിക ഗവേഷണസംഘത്തിലൂടെ മഹാരാഷ്ട്രയിൽ അരങ്ങേറിയ മഹത്തായ മുന്തിരി വിപ്ലവ (Great grape revolution)ത്തിന്റെ ജീവാത്മാവും പരമാത്മാവുമായ ശ്രീ.എസ്.ദാബോൽക്കറായിരുന്നു നമ്മുടെ മത്തൻ ഡോക്ടർ. അദ്ദേഹത്തിന്റെ പ്രിയശിഷ്യൻ വൈദ്യനാഥ് മുന്തിരിയിലെ ആദ്യവർഷ വിളവ് പിന്നേയും കൂട്ടി 40 ടണ്ണാക്കി. മാറാട്ട്‌വാഡ മുന്തിരി ഉല്പാദകസംഘടനയെ നയിക്കുന്നു.

*(ശ്രീ ബഷീർ മാസ്റ്റർ രചിച്ച 'ഒറ്റയീർക്കിൽ വിപ്ലവം' എന്ന പുസ്തകത്തിൽനിന്ന്)*


പുസ്തകക്കുറിപ്പ്

**അധഃകൃതം**

*(ആദിവാസി-ദളിതപക്ഷ കഥകൾ)*

**എഡിറ്റർ:**

*റഹ്മാൻ കിടങ്ങയം*




ആദിവാസി-ദളിത ജനവിഭാഗങ്ങളുടെ ജീവിതവും ഭാഷയുമൊക്കെ നേരിട്ടറിയാവുന്നവരും അവരുടെ ജീവിത പ്രതിസന്ധികളെ തൊട്ടറിഞ്ഞവരുമായ പത്ത് എഴുത്തുകാരുടെ കഥകൾ.

പി. സുരേന്ദ്രന്റെ അവതാരിക.

**കൈരളി ബുക്സ്, കണ്ണൂർ**


പേജ്: 80

വില: 55 രൂപ

**ഇത്രമാത്രം**

*നോവൽ*

**ഇ.എം. ഹാഷിം**




തെളിവിന്റെ കിരണങ്ങൾ തുണയായി സ്വീകരിച്ച് യാത്ര ചെയ്യുന്ന അബുവിന്റെ ജീവിതം. വേർപാടും വേദനയും അനുഭൂതിയും മിസ്റ്റിസിസവുമെല്ലാം ഇഴചേർന്നു കിടക്കുന്ന ഹൃദയഹാരിയായ ഒരു നോവൽ. നമ്മെ ശുദ്ധീകരിക്കാൻ സഹായിക്കുന്ന വായനാനുഭവം.

**അകം ബുക്സ്, കണ്ണൂർ**

പേജ്: 118, വില: 80 രൂപ


കവിത
വീരാൻകുട്ടി

# ചെറുത്

മഴയ്ക്കൊപ്പം വന്ന
പെരുംകാറ്റത്ത്
വീണുപോകുമോ
എന്ന പേടിയിൽ
ആടിയുലഞ്ഞൂ
വൻമരങ്ങൾ

വീഴല്ലേ...
ഞങ്ങളീ കൊടുങ്കാറ്റിനെ
ഒന്നാസ്വദിച്ചോട്ടെ
എന്നു
ചുവട്ടിൽ
കുഞ്ഞുപുല്ലുകൾ.

*Veerankuttypoet@yahoo.com*




കവിത
സോമൻ കടലൂർ

# മാന്യം

തീർച്ചയായും അത് തെറ്റാണ്.
പക്ഷേ
അതിനെപ്പറ്റി പറയാൻ
എനിക്ക് പറ്റില്ല

എങ്ങനെ നോക്കിയാലും ഇത് കുറ്റമാണ്.
എന്തുചെയ്യാം
അതിനെപ്പറ്റി ചോദിക്കാൻ
ഞാനാളല്ല.

വാസ്തവത്തിൽ
അത് തോന്ന്യാസമാണ്
പക്ഷേ
അതിനെപ്പറ്റി അന്വേഷിക്കാൻ
എന്നെ കിട്ടില്ല.

നിങ്ങൾക്കറിയാമല്ലോ
നിങ്ങളെപ്പോലെത്തന്നെ
ഞാനുമൊരു മാന്യനാണ്.

# പരിസരമലിനീകരണം

പി.ലീലയും ജ്ഞാനപ്പാനക്കാസറ്റും ദ്രവിച്ചുപോയി.
അങ്ങനെ അമ്പലങ്ങളിലെ പുതിയപാട്ടുകൾ അലോസര പ്പാട്ടുകളായി.
ഏതൊക്കെയോ അടിപൊളി പാട്ടിന്റെ മ്യൂസിക്കിൽ,
അർത്ഥരഹിതമായ-ഭക്തിയുടെ ലാഞ്ചന പോലുമില്ലാത്ത-
വാക്കുകൾ തിരുകിക്കയറ്റി
ശല്യം ചെയ്തുകൊണ്ടിരിക്കുകയാണ്.
പ്രഭാതത്തിലെ പ്രഥമ മാലിന്യം!

*സുകേതു*

കഥ
ഷാഹുൽഹമീദ് കെ.ടി

# മനുഷ്യബോംബ്

ബസ്സിൽ അയാൾ മനുഷ്യബോംബായി മുൻസീറ്റിൽ.. ഏതോ സ്റ്റോപ്പിൽനിന്നും കയറിയ പട്ടാളക്കാരെ കണ്ടപ്പോൾ അയാളുടെ കൈകാലുകളിൽ രോഷത്തിന്റെ തുടിപ്പുകൾ ഇരച്ചുകയറുന്നു. ഷർട്ടിനിടയിലൂടെ ശരീരത്തിലെ ബോംബിന്റെ ബട്ടണിലേക്ക് വിരലുകൾ ഇഴയുന്നു. പൊടുന്നനെ, ബസ്സ് വളവ് തിരിഞ്ഞപ്പോൾ ഒരു കുട്ടി അയാളുടെ മടിയിലേക്ക് വീണു. കുട്ടി അയാളുടെ ശരീരത്തിൽ ചാരിനിന്ന് കൈയിൽനിന്ന് വീണ 'ലൗ' ചിഹ്നത്തിലുള്ള ബലൂണിനെ നോക്കി. അയാൾ അതെടുത്ത് കുട്ടിക്ക് കൊടുത്തു. കുട്ടി അയാളോട് ചിരിച്ചു. എതിർസീറ്റിൽനിന്നും അമ്മ അവനെ വിളിച്ചെങ്കിലും അവൻ അയാളുടെ അരികിൽതന്നെ നിന്നു. അയാൾ ബലൂണിന്റെ ഉരുണ്ട വാൽ അവന്റെ ബനിയന് പിറകിലേക്ക് ഇറക്കിവെച്ചു. ബലൂൺ തന്റെ തലക്ക് മുകളിൽ നിൽക്കുന്നത്കണ്ട് കുട്ടി ചിരിച്ചു. പെട്ടെന്ന് സഡൻ ബ്രേക്കിട്ട ബസ്സിനുള്ളിൽ എന്തോ പൊട്ടുന്ന ശബ്ദമുയർന്നു. അയാൾ കണ്ണുചിമ്മി പറഞ്ഞു. എല്ലാം നശിച്ചല്ലോ! ദൈവമേ, എല്ലാം... തണുത്ത കാറ്റ് മുഖത്തേക്ക് വീശുമ്പോൾ അയാൾ പതിയെ കണ്ണ് തുറന്നു. കുട്ടി ചിരിക്കുന്നു. തലക്ക് മുകളിലെ പൊട്ടിയ ബലൂണുമായി. അയാൾ ബസ്സ് നിർത്താൻ പറഞ്ഞ് പുറത്തേക്കോടി...



പേരന്റിംഗ്

സണ്ണി കീക്കരിക്കാട്

# സ്മാർട്ട്നസിനുമപ്പുറം

**സ്മാർട്ടനെസ് മാത്രമല്ല ഒരാളുടെ കഴിവുകൾ അളക്കാനുള്ള മാനദണ്ഡം. നമ്മുടെ കുട്ടികളിൽ ചിലർ അത്രയൊന്നും സ്മാർട്ടായിരിക്കില്ല. ചിലർ അന്തർമുഖരും ഏകാകികളുമായിരിക്കാം . അതിൽ ആകുലപ്പെടാനില്ല. അവരിൽ ബുദ്ധിപരവും കലാപരവുമായ സാധ്യതകൾ ഉറങ്ങിക്കിടപ്പുണ്ടാകും. അവ ഉണർത്തിയെടുക്കാൻ സഹായിച്ചാൽ മതി, അവർ വളർന്നുകൊള്ളും.**

പൂർത്തിയാകാതെ കിടക്കുന്ന ഒരു സ്വപ്നം നിങ്ങൾക്കുണ്ടോ? എങ്കിൽ അതെക്കുറിച്ചു കുട്ടികളോടു പറയുക. ചിലപ്പോൾ, പൂർത്തിയാകാത്ത ആ സ്വപ്നത്തിന്റെ ചുവടുപിടിച്ചായിരിക്കും നിങ്ങളുടെ കുട്ടിക്ക് ഉയരത്തിലേക്കു കയറാൻ കഴിയുന്നത്.

- കുട്ടികൾ വിരുന്നുകാരാണ്; മാതാപിതാക്കൾ വീട്ടുകാരും. വിരുന്നുകാരുടെ ആവശ്യങ്ങളറിഞ്ഞ് വീട്ടുകാരും, വീട്ടുകാരുടെ പരിമിതികളറിഞ്ഞ് വിരുന്നുകാരും പെരുമാറുമ്പോൾ കാര്യങ്ങൾ മംഗളമായി കലാശിക്കുന്നു.
- സ്വപ്നങ്ങളുടെ മേൽ ഒരു പൊരുന്നക്കോഴിയെപ്പോലെ ക്ഷമാപൂർവ്വം അടയിരിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക. ഓരോന്നിനും ഓരോ സമയമുണ്ട് എന്ന അവബോധം അവരെ നയിക്കട്ടെ. അപ്പോൾ അനാരോഗ്യകരമായ മത്സരങ്ങളിൽ നിന്നു പിന്തിരിയാനും തങ്ങളുടെ തന്നെ പരിമിതികളെ മറികടക്കാനും അവർക്കു കഴിയും.
- വിലക്കുകൾകൊണ്ട് കുഞ്ഞുങ്ങളുടെ ചുറ്റും വേലി കെട്ടരുത്. അവരെല്ലാം തകർത്തെന്നിരിക്കും. എങ്കിലും അവർക്കു തകർക്കാനാവാത്ത ഒരു വേലി നമുക്കു കെട്ടാനാവും. അതിമൃദുവായ ആ വേലിയുടെ പേരത്രെ സ്നേഹം.
- കുട്ടികളുടെ കുസൃതി അതിരുവിടുമ്പോൾ എന്തു ചെയ്യും? തല്ലുകൊടുത്തും തലോടൽ കൊടുത്തും പ്രശ്നങ്ങൾ അവസാനിപ്പിക്കാം. ഒരു തലോടൽ കൊണ്ട് അവസാനിപ്പിക്കാവുന്ന പ്രശ്നമേയുള്ളെങ്കിൽ അതങ്ങനെതന്നെ അവസാനിപ്പിച്ചേക്കണം. ഒന്നോർക്കുക: ആവശ്യത്തിലേറെ തലോടി കുട്ടിയുടെ സ്വഭാവം വഷളാക്കിയതിനുശേഷം അവസാനം തല്ലി നന്നാക്കാൻ ശ്രമിക്കരുത്. ആവശ്യത്തിലേറെ തല്ലി കുട്ടിയുടെ ആത്മവിശ്വാസം കെടുത്തിയശേഷം അവസാനം ലാളിച്ചു നന്നാക്കാമെന്നും വിചാരിക്കരുത്.രണ്ടും കതിരിൽ വളം വയ്ക്കുന്നതിനു തുല്യമാണ്.
- കുട്ടികൾക്കു സമ്മാനമായി നൽകാൻ പറ്റിയ അമൂല്യ ഗ്രന്ഥമേത്? സംശയമില്ല. നമ്മുടെ ജീവിതം തന്നെ! പക്ഷേ; പലരും ഈ ഗ്രന്ഥം കുട്ടികളിൽ നിന്നു മറച്ചുവയ്ക്കുന്നു. മാതൃകാപരമായി ജീവിക്കുന്ന മാതാപിതാക്കളുടെ ജീവിതം മക്കളുടെ മുമ്പിൽ സദാ തുറന്നിരിക്കുന്ന സദ്ഗ്രന്ഥമാണ്. അവരതിൽ നിന്നെല്ലാം വായിച്ചെടുക്കുന്നു.
- കുട്ടികളുടെ പേരിലുള്ള ബാങ്ക് നിക്ഷേപങ്ങൾ നല്ലതു തന്നെ. ഒന്നോർക്കുക; നാമവരുടെ ഹൃദയത്തിൽ എന്തു നിക്ഷേപിക്കുന്നുവോ അതാണ് ഭാവിയിൽ അവർക്കേറെ ഉപകാരപ്രദമായി മാറുക. ഏതു സാഹചര്യങ്ങളിലും മനം പതറാതെ ജീവിച്ചു മുന്നേറാനുള്ള തന്റേടം കുട്ടികളിൽ നിക്ഷേപിച്ചാൽ അതാണവർക്ക് നമ്മിൽ നിന്നുലഭിക്കാവുന്ന അമൂല്യമായ മൂലധനം.
- ഒരു മഹദ്‌വ്യക്തിയെ കുട്ടിക്കു പരിചയപ്പെടുത്തിക്കൊടുക്കുക ഒരു ലൈബ്രറിയിൽ അംഗത്വം എടുത്തുകൊടുക്കുക. ചരിത്ര പ്രസിദ്ധമായ ഒരു സ്ഥലത്തേക്ക് കുട്ടിയുമൊന്നിച്ചു യാത്ര ചെയ്യുക-അവന്റെ ലോകം മെല്ലെമെല്ലെ വലുതാകുന്നതു കാണാം.
- വീട്ടിൽ വരുന്ന വിരുന്നുകാരെ സ്വീകരിക്കാനും ഭിക്ഷക്കാർക്കു സഹായം നൽകാനും കുട്ടികൾ മുൻപന്തിയിലുണ്ടാകട്ടെ. തങ്ങൾ വിലപ്പെട്ടവരാണെന്ന ബോധം അതവരിൽ ഉണർത്തും. ആരും അന്യരല്ല മനുഷ്യരെല്ലാവരും എവിടെയും പരസ്പരം വേണ്ടപ്പെട്ടവരാണെന്ന ബോധ്യം അവരിൽ വേരുറയ്ക്കുകയും ചെയ്യും.
- സ്മാർട്ടനെസ് മാത്രമല്ല ഒരാളുടെ കഴിവുകൾ അളക്കാനുള്ള മാനദണ്ഡം. നമ്മുടെ കുട്ടികളിൽ ചിലർ അത്രയൊന്നും സ്മാർട്ടായിരിക്കില്ല. ചിലർ അന്തർമുഖരും ഏകാകികളുമായിരിക്കാം . അതിൽ ആകുലപ്പെടാനില്ല. അവരിൽ ബുദ്ധിപരവും കലാപരവുമായ സാധ്യതകൾ ഉറങ്ങിക്കിടപ്പുണ്ടാകും. അവ ഉണർത്തിയെടുക്കാൻ സഹായിച്ചാൽ മതി, അവർ വളർന്നുകൊള്ളും.
- ഓരോ കുടുംബവും ഓരോ തുരുത്തായി മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടികളെ ഈ കുരുക്കിൽ നിന്നു രക്ഷപ്പെടുത്താൻ നമുക്കാവുമോ? സമൂഹത്തിനുവേണ്ടി, ഏന്തെങ്കിലും ഒരു കുടുംബത്തിനോ വ്യക്തിക്കോ വേണ്ടി, വിലപ്പെട്ട എന്തെങ്കിലും ഒരു സേവനമോ സഹായമോ നാം ചെയ്യുന്നതു കുട്ടികൾ കാണട്ടെ. അതവരെ ഒരുപക്ഷെ ഭാവിയിൽ നിസ്വാർത്ഥമതികളാക്കി മാറ്റിയെക്കാം. സഹജീവികളോടുള്ള നമ്മുടെ കാരുണ്യം ഒരേകലോകസങ്കല്പം വളർത്തിയെടുക്കാൻ കുട്ടികളെ സഹായിച്ചേക്കും
- ചില അറിവുകൾ മിന്നാമിനുങ്ങുകളെപ്പോലെയാണ്. അവ നമ്മുടെ കൈയെത്തുംദൂരത്തുണ്ട്. മറ്റു ചിലവ നക്ഷത്രങ്ങളെപ്പോലെയാണ്. അവ ഉയരങ്ങളിൽ നിന്നു നമ്മെ വ്യമോഹിപ്പിക്കുന്നു. ഭൂരിഭാഗം പേരും മിന്നാമിനുങ്ങുകളെക്കൊണ്ട് തൃപ്തിപ്പെടുന്നു. നക്ഷത്രങ്ങളെ ലക്ഷ്യമാക്കുന്നവരാകട്ടെ മഹാന്മാരായിത്തീരുന്നു. നാം കുട്ടികൾക്കു കാട്ടിക്കൊടുക്കുന്നത് എന്താണ് - മിന്നാമിനുങ്ങുകളെയോ നക്ഷത്രങ്ങളെയോ?
- അമ്മ കോഴിയെ വളർത്തി അതിന്റെ മുട്ട വിറ്റ് പാവങ്ങളെ സഹായിക്കുന്നതു കണ്ടുവളർന്ന കുട്ടി പിൽക്കാലത്ത് പാവങ്ങളുടെ സുഹൃത്തും സംരക്ഷകനുമായി മാറി. ചിലപ്പോൾ നാം ചെയ്തു കാണിച്ചുകൊടുക്കുന്ന ചെറിയ ഒരു മാതൃക മതിയാകും, ഉയരങ്ങളിലേക്കു കുതിക്കുന്ന മക്കൾക്കു പിൽക്കാലത്ത് ആവേശം പകരാൻ.


**മാസിക കിട്ടുന്നില്ലേ...?**

മാസികയുടെ ഏതെങ്കിലും ലക്കം കിട്ടാതെപോയ വരിക്കാർ ലക്കം നമ്പർ കാണിച്ച് കൃത്യമായ വിലാസമെഴുതി ഒരു കാർഡിടുക.

**ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ,**
**മലപ്പുറം ജില്ല - 679334**

ബദൽ ജീവിതം

വർഗ്ഗീസ് പോൾ

# കൊച്ചുകൊച്ചു വൻകാര്യങ്ങൾ

**നമുക്ക് ലഭ്യമായ വിഭവങ്ങൾ തന്നെ വേണ്ടത്ര സൂക്ഷ്മതയോടെയാണോ നാം ഉപയോഗിക്കുന്നത്? പലപ്പോഴും നാം കാണിക്കുന്ന ധാരാളിത്തം എത്രയോ ക്രൂരമാണ്.**

ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുന്നവർ വലിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കും എന്നാണ് ആപ്തവാക്യം. ഏതൊരു ചെറിയ കാര്യത്തേയും അതാതിന്റെ ഗൗരവത്തോടെ കാണുന്നവരെ ഏതു വലിയ കാര്യങ്ങളും ഏൽപ്പിക്കാമെന്നാണ് ബൈബിളിലെ താലന്തിന്റെ കഥയിലുടെ യേശു നമ്മെ പഠിപ്പിച്ചത്. ആമയുടെ കൂടെ മത്സരിക്കുന്നതിൽ ഗൗരവം കളഞ്ഞ് കുളിച്ച മുയൽ തോറ്റ് തൊപ്പിയിടുന്ന കഥയും നമുക്കറിയാം. ഏല്പിക്കുന്ന, അല്ലെങ്കിൽ ഏറ്റെടുക്കുന്ന ഏതുകാര്യത്തിലും ആത്മാർത്ഥതയോടെ ഉത്തരവാദിത്വത്തോടെ ചെയ്യുന്നവരെ ലോകം ആദരിക്കും.

നിസ്സാരമെന്ന് തോന്നുന്ന വലിയ കാര്യങ്ങളെപ്പറ്റിയാണ് ഇത്തവണ ചർച്ച ചെയ്യുന്നത്. ഇപ്പോൾ ഈ ലേഖനമെഴുതുന്നത് ഇന്നലെ ട്രെയിനിൽ നിന്ന് കിട്ടിയ ഒരു നോട്ടീസിന്റെ പുറകിലാണ്. വായിച്ചു കഴിഞ്ഞാൽ വലിച്ചെറിയുന്ന നോട്ടീസ് പരിസരം മലിനമാക്കും. എന്നാൽ ഈ നോട്ടീസിന്റെ മറുപുറത്തെഴുതി, അച്ചടിക്കുശേഷം കൂട്ടിവയ്ക്കുന്നു, വർഷത്തിലൊരിക്കൽ ഈ പഴയ പേപ്പർ തൂക്കി വിറ്റാൽ കിലോക്ക് നാലു രൂപ വീതം വില കിട്ടും. ഒരു വർഷം തികയുമ്പോൾ 12-15 കിലോ പേപ്പറുണ്ടാകും, കപ്പലണ്ടിക്കാരന് കൊടുത്താൽ അതിൽ കൂടുതൽ വിലക്കുള്ള കപ്പലണ്ടി കിട്ടും.

ഞാനഴുതുന്ന പേന പ്ലാസ്റ്റിക്ക് കൊണ്ടുണ്ടാക്കിയതാണ്. എഴുതിത്തിർന്ന പേന വലിച്ചെറിഞ്ഞാൽ പരിസരം മലിനമായി, വരുന്ന നൂറോ ഇരുന്നൂറോ വർഷം പ്രകൃതിയിൽ ചേരാതെ അതങ്ങിനെ കിടക്കും. എന്നാൽ ഇങ്ങനെ എഴുതിത്തീർന്ന പേനകൾ കൂട്ടിവച്ചാൽ കിലോക്ക് 12 രൂപവരെ വില കിട്ടും. കുപ്പിയുടെ അടപ്പും, ഒടിഞ്ഞ ചീർപ്പും, തേഞ്ഞുപോയ ബ്രഷും, ഉജാലക്കുപ്പിയും പൊട്ടിയ പ്ലസ്റ്റിക് പാത്രങ്ങളും, ഉപയോഗശൂന്യമായ ചെരുപ്പും. വലിച്ചെറിയാതെ ഒരു ഹാർഡ്-ബോർഡ് പെട്ടിയിലിട്ടുവച്ചാൽ വർഷത്തിൽ 100-150 രൂപ വരെയുണ്ടാക്കാം.

5രൂപ കൊടുത്താൽ ഒരു സ്റ്റീൽ ഗ്ലാസ് വാങ്ങാം. പതിനായിരം തവണ ഉപയോഗിക്കുകയും ചെയ്യാം. എന്നാൽ 30 പൈസയ്ക്ക് വാങ്ങുന്ന പ്ലാസ്റ്റിക് ഡിസ്പോസിബിൾ ഗ്ലാസിന് ഒരേയൊരുപയോഗം മാത്രം, സൂക്ഷിച്ചുപയോഗിച്ച് കഴുകി സുക്ഷിച്ചാൽ 10-15 തവണ ഈ ഗ്ലാസുപയോഗിക്കാമല്ലോ. പരിസരം പ്ലാസ്റ്റിക് കൂമ്പാരം കൊണ്ടുനിറയുകയുമില്ല. പ്ലാസ്റ്റിക് ബോട്ടിലും ആവർത്തിച്ചുപയോഗിക്കാമല്ലോ. എന്തിനും ഏതിനും പ്ലാസ്റ്റിക കവറുകളുപയോഗിക്കുന്നത് ഇന്നൊരു ദുശ്ശീലമായിട്ടില്ലേ? പുകവലി നിരോധനം പോലെ നമ്മെ വിഡ്ഢികളാക്കിയ പ്ലാസ്റ്റിക് നിരോധനവും വന്നു. എന്നിട്ടും ഫലം നാസ്തി, പലചരക്കും പച്ചക്കറിയും വാങ്ങുന്ന കവർ 8-10 തവണ ആവർത്തിച്ചുപയോഗിച്ചു നോക്കു! അത്രയും ചിലവുകുറയും. പരിസരം അത്ര കുറച്ചേ മലിനമാവൂ. കീറിയ പ്ലാസ്റ്റിക് കവറുകൾ മതിയല്ലോ പാത്രങ്ങൾ കഴുകുവാനുള്ള ബ്രഷായുപയോഗിക്കുവാൻ! പ്ലാസ്റ്റിക്കിന്റെ ബുദ്ധിപരമായ ഉപയോഗത്തിന് 4 മാർഗ്ഗങ്ങൾ.

1. Re-use ആവർത്തിച്ചുപയോഗിക്കുക, 2. Re-place പകരം മറ്റെന്തെങ്കിലും കണ്ടത്തുക, 3. Reduce ഉപയോഗം പരമാവധി കുറയ്ക്കുക., 4. Re- cycle പുനസംസ്ക്കരിച്ച് മറ്റ് ഉൽപ്പന്നങ്ങളാക്കുക പലചരക്കുപൊതിഞ്ഞ് വരുന്ന ന്യൂസ്പേപ്പർപോലും കളയാതെ സൂക്ഷിച്ചാൽ കുറേക്കാലം കഴിഞ്ഞ് മീൻ കച്ചവടക്കാർക്ക് തൂക്കിവിൽക്കാം. പണ്ടൊക്കെ ഇറച്ചിയും മീനും പൊതിയാൻ ചേമ്പിലയും തേക്കിലയും ശീമപ്ലാവിലയും മതിയായിരുന്നു. ആരോഗ്യകരവും പ്രകൃതിയെ നശിപ്പിക്കാത്തതുമായ ആ രീതികളിനി മടങ്ങിവരുമോ?

പലപ്പോഴായി വന്നുചേരുന്ന ചാക്കുനൂലും പ്ലാസ്റ്റിക് ചരടും ചേർത്ത് കെട്ടിയാൽ പച്ചക്കറികൾക്ക് പന്തലൊരുക്കാമല്ലോ. പ്ലാസ്റ്റിക് കത്തിച്ചുകളയുമ്പോളുണ്ടാകുന്ന വിനയൽ ക്ലോറൈഡ് മാരകമായൊരു വിഷമാണെന്ന സത്യവും നമ്മുക്ക് മറക്കാതിരിക്കാം. വഴിയിൽ കിടന്നിരുന്ന പ്ലാസ്റ്റിക് ചരടിൽ തട്ടി വീണ്, വണ്ടിമുട്ടി മരിച്ച ഒരു അദ്ധ്യാപികയെ എനിക്കറിയാം. വല്ലപ്പോഴും കിട്ടുന്ന ഇത്തരം ചരടുകൾ കൂട്ടിവെച്ചാൽ അത്യാവശ്യം വല്ലതും പാക്ക് ചെയ്യേണ്ടിവരുമ്പോൾ ചരട് കടയിൽ നിന്ന് വാങ്ങേണ്ടല്ലോ.

നിരുപദ്രവകാരിയായ വസ്തുവാണ് ഗ്ലാസ്സ്. പക്ഷേ, കുപ്പിച്ചില്ലുകൾ അപകടകാരിയാണ്. പൊട്ടിപ്പോയ കുപ്പിയും ഗ്ലാസും പോലും തൂക്കി വിറ്റാൽ രണ്ടുരൂപ വില കിട്ടും. ഉടയാത്ത കുപ്പികൾക്ക് മുഴുവൻ വിലയും കിട്ടും. അയൽക്കാരന്റെ പറമ്പിലേക്ക് വലിച്ചെറിയാതെ ഉപകാരപ്രദമായി ചിലവിടാൻ പഠിച്ചാൽ പ്രകൃതിയിൽ മാലിന്യമേയില്ല. ഇരുമ്പും ചെമ്പും അലുമിനിയവും ഇങ്ങനെ ശേഖരിച്ചാൽ നല്ല വിലകിട്ടും. കുപ്പിയടപ്പും, ഗ്യാസ് കുറ്റിയുടെ അലുമിനിയം കവറിങ്ങും, ബൾബിന്റെ അലുമിനിയം ടാപ്പും ഇങ്ങനെ ശേഖരിച്ചുവയ്ക്കാവുന്നതല്ലേയുള്ളു. കേടാവുന്ന വസ്ത്രങ്ങൾക്ക് തന്നെ എത്രയോ ഉപയോഗങ്ങൾ കണ്ടെത്താം. കർട്ടനുകളും, തലയിണ ഉറകളും, കർച്ചിഫുകളും തയ്യാറാക്കിക്കൂടെ? പഴന്തുണി റിബണുകളാക്കി തലയിണ നിറയ്ക്കുന്ന ഒരു പതിവും നമുക്കുണ്ടായിരുന്നു. തറതുടയ്ക്കാനും പ്രത്യേക തുണിയും ബ്രഷും കടയിൽ നിന്ന് വാങ്ങണമെന്ന നിർബന്ധം തന്നെ വേണോ?

നമുക്ക് ലഭ്യമായ വിഭവങ്ങൾ തന്നെ വേണ്ടത്ര സൂക്ഷ്മതയോടെയാണോ നാം ഉപയോഗിക്കുന്നത്? പലപ്പോഴും നാം കാണിക്കുന്ന ധാരാളിത്തം എത്രയോ ക്രൂരമാണ്. ഭർത്താവ് ഭക്ഷണം കഴിച്ച ശേഷം, ബാക്കിയുള്ളവ അതേ പാത്രത്തിൽ നിന്ന് കഴിച്ചിരുന്ന ഭാര്യമാരുണ്ടായിരുന്നു. മക്കൾ ബാക്കിവച്ച ആഹാരം കളയാതെ കഴിച്ചിരുന്ന അമ്മമാരുമുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ മറ്റാരെങ്കിലും തൊട്ടതൊന്നും കഴിക്കാൻ ആരും തയ്യാറല്ല. അത്തരം ഭക്ഷണം വലിച്ചെറിയാൻ ആർക്കും മടിയില്ല. പോഷകാഹാരക്കുറവകൊണ്ട് ദിവസേന ആയിരക്കണക്കിന് കുഞ്ഞുങ്ങൾ മരിക്കുന്ന ഇന്ത്യയിൽ നാം വലിച്ചെറിയുന്ന ഓരോ വറ്റ് ചോറിനും ഒരു മാരകപാപത്തിന്റെ ഘനമുണ്ട്. ചോര നീരാക്കുന്ന കർഷകന്റെ കഠിനാദ്ധ്വാനഫലം ഒരു നിമിഷം ഓർത്തുനോക്കു... വിശക്കുന്ന മുഖത്തിന്റെ ദൈന്യതയും ഒട്ടിയ വയറിന്റെ നിസ്സഹായതയും മനസ്സിലുണ്ടെങ്കിൽ നമുക്ക് ഒരു വറ്റു ചോറു പോലും കളയാനാവില്ല. നമുക്ക് കിട്ടിയ ദൈവാനുഗ്രഹത്തിന് നന്ദി പറയാനും മറക്കാതിരിക്കുക. ധനവാന്റെ സമൃദ്ധിയിൽ ലാസറിന് പിച്ചതെണ്ടേണ്ടിവരുന്ന ഗതികേട് ഇനിയും തുടരുകയല്ലേ?

കടപ്പാട്: *ബദൽ ജീവിതശൈലി.*

*(വർഗ്ഗീസ് പോൾ - അക്ഷയ പ്രസിദ്ധീകരണം.)*

ലിമാ ന്യൂസ് ഡസ്ക്

# നാടൻ വഴുതനങ്ങയുള്ളപ്പോൾ നമുക്കെന്തിന് ബി.ടി വഴുതനങ്ങ?

ബി.ടി. വഴുതനങ്ങ ഉണ്ടാക്കുന്നത് മണ്ണിൽനിന്നുള്ള ഒരു ബാക്ടീരിയയുടെ ജീനെടുത്ത് വഴുതനങ്ങയിൽ കൂട്ടിച്ചേർത്താണ്. ഇങ്ങിനെ ചെയ്യുമ്പോൾ വഴുതനങ്ങക്കകത്ത് വിഷമുള്ള ഒരു പ്രോട്ടീൻ രൂപപ്പെടും. ഇത് വഴുതനങ്ങയിലെ പ്രധാന കീടമായ തണ്ട്-കായ്തുരപ്പൻ പുഴുവിനെതിരെ പ്രവർത്തിക്കും. ബി.ടി വഴുതനങ്ങ കീടനാശിനിയുടെ ഉപയോഗം കറയ്ക്കുമെന്നു പറയുന്നു. ജൈവകൃഷിയിലും സംയോജിത കീടനിയന്ത്രണത്തിലും കീടനാശിനിയുടെ ഉപയോഗം കുറയ്ക്കുക മാത്രമല്ല അവ ഒഴിവാക്കുന്നുമുണ്ട്. ഇവയുള്ളപ്പോൾ എന്തിനാണ് ബി.ടി വഴുതനങ്ങ?

വഴുതനങ്ങയുടെ ജന്മസ്ഥലം ഇന്ത്യയാണ്. നമുക്ക് രണ്ടായിരത്തി അഞ്ഞൂറിലധികം വഴുതനങ്ങയുണ്ട്. ലോകത്തൊരിടത്തുംതന്നെ ഒരു വിളയുടെ ജന്മസ്ഥലത്ത് ആ വിളയിൽ ജനിതകമാറ്റം അനുവദിച്ചിട്ടില്ല.

ഒരിക്കൽ ബി.ടി വഴുതനങ്ങ അനുവദിച്ചാൽ ഒരു ഉപഭോക്താവെന്ന നിലയിൽ തിരഞ്ഞെടുക്കാനുള്ള നമ്മുടെ അവകാശം അതോടെ ഇല്ലാതാകും. ബി.ടി വഴുതനങ്ങയും സാധാരണ വഴുതനങ്ങയും തമ്മിൽ കണ്ടാൽ വ്യത്യാസമൊന്നുമില്ല. മിക്ക ഇന്ത്യക്കാരും സാധാരണ ചന്തകളിൽനിന്നാണ് പച്ചക്കറികൾ വാങ്ങുന്നത്.

അമ്പത്തിആറോളം ഭക്ഷ്യവിളകളിൽ ഇപ്പോൾ പരീക്ഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ നെല്ല്, വെണ്ട, കാബേജ്, തക്കാളി തുടങ്ങി നമ്മുടെ പ്രധാന പച്ചക്കറികളെല്ലാം വരുന്നു. ഇതിന് അനുമതി നേടിയെടുക്കാനുള്ള ശ്രമത്തിലാണ്.

പല സംസ്ഥാനങ്ങളും ബി.ടി വഴുതനങ്ങക്ക് അനുമതി കൊടുക്കരുത് എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷിയും ആരോഗ്യവും സംസ്ഥാനങ്ങളുടെ നിയന്ത്രണത്തിലാണെങ്കിലും ബന്ധപ്പെട്ട പല തീരുമാനങ്ങളും കേന്ദ്രസർക്കാരാണ് എടുക്കുന്നത്. എന്നാൽ ഓരോ സംസ്ഥാനത്തിനും അവരവർക്ക് യോജിക്കുന്ന കാർഷിക രീതികൾ തുടരാൻ കഴിയണം.

നമുക്ക് സുരക്ഷിതമായ മാർഗ്ഗങ്ങൾ ധാരാളമുണ്ട്. അതിലൂടെ ഉത്പാദനം കൂട്ടാനും രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും കഴിയും. നാടൻ വഴുതനങ്ങയുള്ളപ്പോൾ നമുക്കെന്തിന് ബി.ടി വഴുതനങ്ങ?

ബി.ടി വഴുതനങ്ങ അനുവദിക്കരുതെന്നാവശ്യപ്പെട്ട് നടത്തുന്ന സമരപരിപാടികളിൽ പങ്കുചേരുക.

ബന്ധങ്ങൾക്ക്: തണൽ, എച്ച്-3, ജവഹർ നഗർ, കവടിയാർ പി.ഒ. തിരുവനന്തപുരം. കേരള - 695003. ഫോൺ: 09995358205, 09447022775

www.thanal.co.in

## രണ്ടാമത് 'അന്നം' കോഴിക്കോട്ട്

അന്നം എന്നറിയപ്പെടുന്ന ദേശീയ ഭക്ഷ്യ-കാർഷിക ജൈവ വൈവിധ്യോത്സവം ഇത്തവണ കോഴിക്കോട്ടാണ് നടക്കുന്നത്. 2010 ഫെബ്രുവരി 11 മുതൽ അഞ്ചു ദിവസം നടക്കുന്ന ഈ ഉത്സവം കഴിഞ്ഞ വർഷം തിരുവനന്തപുരത്ത് നടന്ന പരിപാടികൾ പിന്തുടരുന്നു.

പ്രദർശനങ്ങൾ, ജൈവചന്ത, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, സാംസ്കാരിക പരിപാടികൾ - ഇങ്ങനെ സർക്കാരിന്റേതടക്കം 200 സ്റ്റാളുകളുണ്ടാകും.

സെന്റർ ഫോർ ഇന്നവേഷൻ ഇൻ സയൻസ് ആന്റ് സോഷ്യൽ ആക്ഷനാണ് സംഘാടകർ. ഡോ. വന്ദനശിവയാണ് സംഘാടക സമിതി അധ്യക്ഷ.

കൂടുതൽ വിവരങ്ങൾക്ക് 9447205913 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# മദ്യവും പുകവലിയും ഒഴിവാക്കിക്കൊണ്ടുള്ള ഓണവും ക്രിസ്തുമസും ന്യൂഇയറും

വായനയുടെ പക്ഷം




ഇസ്ലാമിന്റെ മഹത്തായ ഒരു കർമ്മമായ ബലിയെ പരിഹസിക്കുന്ന ഒരു ലേഖനം നവംബർ ലക്കം(111) ലിറ്റിൽ മാസികയിൽ വായിക്കാനിടയായി. ബലിപെരുന്നാൾ, പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ, ഇബ്രാഹിം നബി (എബ്രഹാം), തന്റെ മകനെ (ഇസ്മായിൽ നബി) , ദൈവകൽപ്പനയാൽ ബലിയർപ്പിക്കാൻ തുനിഞ്ഞതിന്റെ ത്യാഗോജ്ജ്വല സ്മരണ പുതുക്കലിന്റെ ഭാഗമായി ഒരു മാടിനെ അറുക്കുവാൻ കൽപ്പിക്കുകയാണ് ഉണ്ടായത്. അത് മുസ്ലിംകൾക്ക് ഏറ്റവും മഹത്തായ ഒരു ആരാധനയുടെ ഭാഗമാണ്. ഇതുവഴി ഒരാൾ പോലും പട്ടിണി കിടക്കരുത് എന്ന ലക്ഷ്യവും ഉണ്ട്.

വിശുദ്ധ ഖുർആനിലെ 5:1, 16:5, 23:21 അദ്ധ്യായങ്ങളിൽ മാംസാഹാരം മുസ്ലിംകൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ ദൈവം അനുവദിക്കപ്പെട്ട ഒരു കാര്യം നിഷിദ്ധമാക്കാൻ മുസ്ലിംകൾക്ക് പാടില്ല. എന്നാൽ ഒരു പൂർണ്ണ സസ്യഭുക്കിനും മുസ്ലീമായി ജീവിക്കാം. മാംസം കഴിക്കുവാൻ നിർബന്ധിക്കുന്നില്ല. പ്രോട്ടീൻ സമ്പുഷ്ടമായ ഭക്ഷണമാണ് മാംസം. ശരീരത്തിനാവശ്യമായ എട്ടുതരം അമിനോ ആസിഡുകളും, ഇരുമ്പും- വിറ്റാമിനുകളുമെല്ലാം മാംസത്തിലുണ്ട്. അമിതമായാൽ ഏത് അമൃതും വിഷമാകുന്നതുപോലെ ഈ കാര്യത്തിലും ശ്രദ്ധിക്കണമെന്ന് മാത്രം.

മനുഷ്യന് സസ്യജന്യവസ്തുക്കൾ ചവക്കാനാവശ്യമായ പല്ലുകളും(Flat Teeths), മാംസം ചവക്കാനാവശ്യമായ

ലിമാ ന്യൂസ് ഡസ്ക്

# ഗ്രോസ് നാഷണൽ ഹാപ്പിനസ് ദേശീയ പ്രതിശീർഷ സന്തോഷം!

## വളർച്ചയെന്നാൽ സാമ്പത്തികം മാത്രമല്ല, ആനന്ദം കൂടിയവണമെന്ന പുതിയ കാഴ്ചപ്പാടിനെക്കുറിച്ച്

ജി.ഡി.പി, ജി.എൻ.പി എന്നിങ്ങനെ സാമ്പത്തിക/വരുമാന സൂചകങ്ങൾ എല്ലാവർക്കും പരിചിതമാണ്. എന്നാൽ ഭൂട്ടാനിൽ അവരുടെ സാമ്പത്തിക ഘടന അളക്കുന്നത് പ്രതിശീർഷ ആനന്ദ സൂചിക(PHI) ഉപയോഗിച്ചാണ്. സന്തോഷവും സമാധാനവും ഉണ്ടാകുമ്പോഴേ യഥാർത്ഥ വളർച്ച ഉണ്ടാവൂ എന്നും സന്തോഷത്തോടെയുള്ള സാമ്പത്തിക വളർച്ച മാത്രമാണ് കണക്കിലെടുക്കേണ്ടത് എന്നുമുള്ള ചിന്തയാണ് പ്രതിശീർഷ ആനന്ദം എന്ന സൂചികയ്ക്കു പിന്നിൽ. പരമ്പരാഗത സാമ്പത്തിക വികസന സൂചിക കേവല സാമ്പത്തികവളർച്ച മാത്രം കണക്കിലെടുക്കുമ്പോൾ സമൂഹത്തിന്റെ സമഗ്രമായ വികാസവും വളർച്ചയും കണക്കിലെടുക്കുന്നതാണ് ഗ്രോസ് നാഷണൽ ഹാപ്പിനസ് ഇൻഡക്സ്.

ആകെ ദേശീയ ആനന്ദത്തിന്റെ 4 അടിസ്ഥാന ഘടകങ്ങൾ:- 1. സുസ്ഥിര വികസനം 2. സാംസ്കാരിക മൂല്യം 3. പരിസ്ഥിതി 4. ക്ഷേമ ഭരണകൂടം ഇവയാണ്.

കേവലം വരുമാനം കൂടിയതു കൊണ്ടോ, നിക്ഷേപം കൂടിയതുകൊണ്ടോ, ഭൗതിക നേട്ടം കൊണ്ടോ യഥാർത്ഥ ആനന്ദം ഉണ്ടാവണമെന്നില്ല എന്ന് ഇന്ന് തിരിച്ചറിഞ്ഞുകഴിഞ്ഞിരിക്കുന്നു. അവിടെയാണ് പ്രതിശീർഷ ആനന്ദം കണക്കാക്കുന്നതിന്റെ പ്രസക്തി.

---

പല്ലുകളും (Pointed Teeths) ഉണ്ട്. മനുഷ്യന് സസ്യഭക്ഷണവും, മാംസഭക്ഷണവും ദഹിക്കും. ഹിന്ദുമതഗ്രന്ഥങ്ങളും മാംസഭക്ഷണം അനുവദിക്കുന്നു. മനുസ്മൃതി 5:30, 5:39,40 എന്നീ വചനങ്ങളിൽ മാംസാഹാരം അനുവദിക്കുന്നു.

സസ്യങ്ങൾക്കും ജീവനും വേദനയുമെല്ലാം ഉണ്ട്. പരസ്പരം തിന്നു ജീവിക്കുകയെന്നതാണ് പ്രകൃതിയുടെ വിധി. കന്നുകാലികളുടെ വളർച്ച മനുഷ്യർക്ക് ഭക്ഷണമാകാൻ പാകത്തിലുള്ളതാണ്. അല്ലാത്തപക്ഷം അവ പെറ്റുപെരുകി പട്ടിണി മൂലം ചാകുന്ന ഒരു അവസ്ഥ സംജാതമാകും. ഇത് ഒരു അഹിംസാവാദിക്ക് ഉൾക്കൊള്ളാൻ കഴിയുമോ? ഏറ്റവും കുറഞ്ഞ വേദന അനുഭവിക്കുന്ന രീതിയിലാവണം അവയെ കൊല്ലേണ്ടത്.

അഹിംസാമാർഗ്ഗമെന്ന നിലയിൽ മാംസം മാത്രം ഒഴിവാക്കിയതുകൊണ്ട് കാര്യമില്ല എന്ന് ലേഖകനെ ഉണർത്തുന്നു. കാരണം പശുവിന്റെ പാൽ, തോൽ, കോഴി/താറാവ് എന്നിവയുടെ മുട്ട, ചെമ്മരിയാടുകളുടെ രോമങ്ങൾ എന്നിവയൊന്നും ഉപയോഗിക്കാൻ പാടില്ല. കാരണം ഇതെല്ലാം അവയെ ഹിംസിക്കുന്ന സംഗതിയാണല്ലോ. അതുപോലെ സസ്യങ്ങൾക്കും ജീവനും വേദനയുമെല്ലാം ഉണ്ടെന്ന് ഈയിടെ കണ്ടെത്തിയിട്ടുണ്ടല്ലോ, അതിനാൽ നമുക്ക് അഹിംസാമാർഗ്ഗം പിന്തുടരുവാൻ സസ്യജന്യ ഭക്ഷണങ്ങളും ഒഴിവാക്കേണ്ടിവരും, അതായത് പച്ചവെള്ളം മാത്രം കുടിച്ച് ജീവിക്കുകയാണ് വേണ്ടത്. ദൈവത്തിന് പുറമെ പശുവിനേയും മറ്റും ആരാധിക്കുന്ന ജനവിഭാഗങ്ങളാണ് മാംസം മാത്രം അഹിംസയുടെ ഭാഗമാണെന്ന് പ്രചരിപ്പിക്കുന്നത്. ഹിന്ദുക്കളിൽ ഒരു ന്യൂനപക്ഷം മാത്രമേ മാംസാഹാരം കഴിക്കാത്തതുള്ളൂ.

ഇനി പന്നിമാംസം കൂടുതലായി ഉപയോഗിക്കുന്നത് ക്രിസ്ത്യാനികളാണ്, ബൈബിൾ പന്നിമാംസം നിരോധിച്ചിട്ടുണ്ടെങ്കിലും അവർ ദൈവധിക്കാരത്തോടെ കഴിക്കുന്നു (ലേവ്യ 11:7,8, ആവർത്തനം 14:8 എന്നിവ പന്നിമാംസം നിരോധിക്കുന്ന വചനങ്ങളാണ് കാണുക.). പന്നിയിൽ കൊഴുപ്പ് കൂടുതലാണ്, ഹൃദ്രോഗസാധ്യതയും ഉണ്ട്. അത് മാത്രമല്ല നിരവധി രോഗാണുക്കളുമുണ്ട്. പന്നിമാംസത്തിൽ 70 ൽ പരം രോഗങ്ങൾക്ക് കാരണമായേക്കുന്ന രോഗാണുക്കൾ ഉണ്ട്. ഇതിൽ ഏറ്റവും അപകടകാരിയാണ് നാടവിര(Tape worm). ആയതിനാലാണ് ഇതെല്ലാം അറിയുന്ന ദൈവം വിശുദ്ധ ഖുർആനിലും, വിശുദ്ധ ബൈബിളിലും ഇത് നിരോധിച്ചത്. എന്നാൽ മാംസാഹാരം ഒഴിവാക്കുന്നത് അഹിംസാമാർഗ്ഗമാണ് എന്ന് പറയുന്നവർ ചിന്തിക്കുക, മാരകമായ രോഗങ്ങൾക്ക് അടിമപ്പെടുന്ന മദ്യവും പുകവലിയും മയക്കുമരുന്നുകളും ക്രിസ്തുമസ് ദിനത്തിലും ഓണാഘോഷങ്ങളിലും ന്യൂഇയർ ദിനത്തിലും കോടികൾ ചിലവഴിച്ച് ജനങ്ങൾ ഭക്ഷിക്കുന്നു. ഇത് സ്വന്തം ജീവിതത്തേയും കുടുംബാംഗങ്ങളേയും ഹിംസിക്കുകയാണെന്ന ബോധം എല്ലാവർക്കും ഉള്ളതുപോലെ ലേഖകനും ഉണ്ടാകുമല്ലോ?

ആയതിനാൽ ക്രിസ്തുവില്ലാതെ ക്രിസ്മസ് ഇല്ലാത്തതു പോലെ, ബലി ഇല്ലാതെ ബലിപെരുന്നാൾ ഉണ്ടാകില്ല. ആയതിനാൽ ഇത്തരം ബാലിശമായ ഹരിതവായനല്ല വേണ്ടത്, മൃഗങ്ങളെ ഹിംസിക്കുകയല്ല അവരുടെ നിലനിൽപ്പ് സാധ്യമാക്കുക എന്നുള്ളതാണ് ബലിയിലൂടെ നടത്തപ്പെടുന്നത് ചിന്തിക്കുക. അതുപോലെ സ്വന്തം ജീവിതവും മറ്റുള്ളവരുടെ ജീവിതവും ഹിംസിക്കപ്പെടുന്ന മദ്യം, പുകവലി, മയക്കുമരുന്നുകൾ, പലിശ, ലോട്ടറി മുതലായ തിൻമകൾക്കെതിരെയാണ് നമ്മൾ പരിഗണന നൽകേണ്ടത്. ഇസ്‌ലാം ഒരു പ്രകൃതി മതമായതിനാൽ ഖുർആനിന്റെ ഹരിതവായന ഈ രീതിയിൽ നടത്താം.

*റംഷിദ ടീച്ചർ. N.K,*
*S.O.H.S അരീക്കോട്, മലപ്പുറം ജില്ല.*

ചെറുതുകൾക്ക് വലിയ പ്രാധാന്യം നൽകുന്ന ലിറ്റിൽ മാസികയ്ക്ക് സമകാലീന ലോകത്തിൽ സുപ്രസിദ്ധമായ ഒരു പദവിയിലേക്ക് ഉയരാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ചെറുതുകൾ കൊണ്ട് വലിയൊരു ലോകം തീർത്ത ലിറ്റിൽ മാസികയ്ക്ക് ആശംസകൾ.

*സുബിൻ.കെ 9895300226*

Little Masika January 2010 Postal Reg.No. KL/MJI/82/2010-2012.RN 67322 / 94 registered with the Registrar of News Papers for India New Delhi Rs. 6.50



ഫോട്ടോ: അക്കു





# കൊയ്ത്തുകാലങ്ങൾ ഓർമ്മിപ്പിക്കുന്നത്

## ലിറ്റിൽ മാസിക നെൽകൃഷി സംരംഭത്തിന് രണ്ടു വയസ്സ്.

സമ്പന്നമായ ഒരു കാർഷിക സംസ്കാരത്തിന്റെ ഓർമ്മപ്പെടുത്തലുമായി വീണ്ടും ഒരു കൊയ്ത്തുകാലം. ഈ കൊയ്ത്തുകാലത്തും ലിറ്റിൽ മാസിക സുഹൃത്തുക്കൾ കൊയ്ത്തിന്റെ ഉത്സാഹവും ആവേശവും പങ്കുവെച്ച് ചുങ്കത്തറ കുറ്റിമുണ്ട പന്നിപ്പാടത്തെ നെൽവയലിൽ ഒത്തുചേർന്നു. പാട്ടത്തിനെടുത്ത ഭൂമിയിൽ നെൽകൃഷി ചെയ്യുന്നത് ഇത് രണ്ടാം തവണ.

ഇക്കഴിഞ്ഞ ഡിസംബർ മുപ്പതിന് സാധാരണ കൃഷിത്തൊഴിലാളികളുടെ കൂടെ ലിറ്റിൽ മാസിക, നിലമ്പൂർ പ്രകൃതിപഠനകേന്ദ്രം പ്രവർത്തകരും പാലേമാട് വിവേകാനന്ദ പഠനകേന്ദ്രം കോളേജിലെ എൻ.എസ്.എസ് യൂണിറ്റിലെ അധ്യാപകൻ സതീഷിന്റെ നേതൃത്വത്തിലുള്ള വിദ്യാർത്ഥികളും ചേർന്ന് കൊയ്ത്ത് ഒരു ഉത്സവമാക്കി.

ഒരുപാട് പ്രതിസന്ധികളാണ് നെൽപ്പാടങ്ങളിൽ കർഷകനെ കാത്തിരിക്കുന്നത്. ലാഭകരമായ കൃഷികളെക്കുറിച്ച് മാത്രം ആലോചിക്കുന്ന ഇക്കാലത്ത്, നഷ്ടങ്ങൾ മാത്രം ഏറ്റുവാങ്ങുന്ന നെൽകർഷകൻ പലപ്പോഴും അപമാനിക്കപ്പെടുന്നു. ഓരോ നെൽകർഷകനും ഓരോ ഭക്ഷ്യ സുരക്ഷാ വിദഗ്ധനാണ്. ഏത് അക്കാദമീഷ്യനേക്കാളും നന്നായി ഭക്ഷ്യസുരക്ഷാ വിദഗ്ധനെന്ന പേര് യോജിക്കുക നെൽവയലുകളിൽ കൃഷിയിറക്കുന്ന കർഷകനാണ്. ആ നിലക്കുള്ള മാന്യതയും സമൂഹം നെൽകർഷകന് നൽകേണ്ടതാണ്.

നെൽകൃഷിയും അർത്ഥവത്തായ ഒരു സാംസ്കാരിക പ്രവർത്തനമാണ് ലിറ്റിൽ മാസിക പ്രവർത്തകർക്ക്. കൂടുതൽ കൂട്ടായ്മയോടെ കൂടുതൽ വിപുലമായും നെൽകൃഷി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോവാൻ ലിറ്റിൽ മാസിക പ്രവർത്തകർ ആഗ്രഹിക്കുന്നു.

*ബന്ധങ്ങൾക്ക്: ലിറ്റിൽ മാസിക, ചുങ്കത്തറ – 679334*

---

r e l e v a n c e   o f   b e i n g   l i t t l e

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

ലിറ്റിൽ മാസിക

2010 ജനുവരി

ലക്കം: 112

*If undeliverd, please return to,*

Editor
Little masika
Chungathara P.O.
Malappuram Dt.
Pin: 679 334
Kerala

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷി ക്കുന്നു. പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു. ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.

---

Edited, Printed, Published and owned by Biju John published at Chungathara printed at Imperial Edv. for Co-op Press, Chungathara